LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജില്ലാ സ്കിൽ കമ്മിറ്റിയിൽ ഉൾപ്പെടുന്ന സർക്കാർ വകുപ്പുകളും മറ്റ് വകുപ്പുകളും ഏതെന്ന് വ്യക്തമാക്കാമോ?

ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ സ്കിൽ കമ്മിറ്റിയിൽ ബന്ധപ്പെട്ട ജില്ലയുടെ താഴെപ്പറയുന്ന സർക്കാർ വകുപ്പുകളിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർ അംഗങ്ങളാണ്:

1. ആസൂത്രണ വകുപ്പ്

2. പൊതുവിദ്യാഭ്യാസ വകുപ്പ്

3. സാമൂഹ്യ നീതി വകുപ്പ്

4. തൊഴിലും നൈപുണ്യവും വകുപ്പ്

5. എംപ്ലോയ്മെന്റ് & ട്രെയിനിംഗ് വകുപ്പ്

6. യുവജന ക്ഷേമ വകുപ്പ്

7. തദ്ദേശഭരണ വകുപ്പ്

8. ഫിഷറീസ് വകുപ്പ്

9. പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്

10. വ്യവസായ വകുപ്പ്

11. ലീഡ് ബാങ്ക്

12. നബാർഡ്.

ശരണ്യ പദ്ധതി

248(4258) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പ് മുഖേന വനിതകൾക്കായി നടപ്പിലാക്കുന്ന ശരണ്യ സ്വയം തൊഴിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത അശരണരായ വനിതകൾക്ക് സ്വയം തൊഴിൽ

LIBRARY ARCHIVES Kerala Legislative Assembly

കണ്ടെത്തുന്നതിനും അതുവഴി സ്വയംപര്യാപ്തമാകുന്നതിനും സർക്കാർ എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം പലിശരഹിത സ്വയം തൊഴിൽ വായ്പ അനുവദിച്ചുനൽകുന്ന പദ്ധതിയാണ് ശരണ്യ. ഈ പദ്ധതി 24-7-10-ലെ സ.ഉ.(അച്ചടി) നമ്പർ 81/2010/തൊഴിൽ പ്രകാരം നിലവിൽ വന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സു കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യ രോഗികളുമായ (അക്യൂട്ട് കിഡ്നി പ്രോബ്ലം, ക്യാൻസർ, മാനസിക രോഗം, ഹീമോഫീലിയ തുടങ്ങിയവ) ഭർത്താക്കന്മാരുള്ള വനിതകൾ എന്നിവരെയാണ് ഈ പദ്ധതിയിൽ
ഉൾപ്പെടുത്തിട്ടുള്ളത്.

അർഹത-എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും വിദ്യാർത്ഥി അല്ലാത്തതും 18-നും 55-നും മദ്ധ്യേ പ്രായമുള്ളതും (അവിവാഹിതരായ സ്ത്രീകൾക്ക് 30 വയസ്സ് കഴിഞ്ഞിരിക്കണം) കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയാത്തതുമായ മേൽപ്പറഞ്ഞ വിഭാഗത്തിലുള്ള വനിതകൾക്ക് അപേക്ഷിക്കാവുന്നതാണ്.

വായ്പ/സബ്സിഡി-ഒരു വ്യക്തിക്ക് പരമാവധി 50,000 രൂപ വരെ പലിശ രഹിത വായ്പ അനുവദിക്കുന്നു. പ്രോജക്ട് പരിശോധിച്ച്, ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപവരെ വായ്പ അനുവദിക്കുന്നു. വായ്പാ തുകയുടെ 50% പരമാവധി 25,000 രൂപ സബ്സിഡിയാണ്. 50,000 രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3% Flat rate നിരക്കിൽ പലിശ ഈടാക്കുന്നതാണ്. സംരംഭം നല്ല രീതിയിൽ നടത്തിക്കൊണ്ട് പോകുകയും ആദ്യ വായ്പയുടെ 50% എങ്കിലും തിരിച്ചടയ്ക്കുകയും ചെയ്യുന്നവർക്ക് സംരംഭം വിപുലീകരിക്കുന്നതിന് ആദ്യ വായ്പാ തുകയുടെ 80%-ൽ കവിയാത്ത തുക തുടർ വായ്പയായി കുറഞ്ഞ പലിശ നിരക്കിൽ ഒരിക്കൽ മാത്രം അനുവദിക്കുന്നതാണ്. വായ്പ ലഭിക്കുന്നതിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ പ്രാഥമിക പരിശോധനയ്ക്കുശേഷം ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല സമിതിക്ക് സമർപ്പിക്കും. ജില്ലാതല സമിതി അപേക്ഷകരെ കൂടിക്കാഴ്ചയ്ക്ക് വിളിക്കുകയും അപേക്ഷ പരിശോധിച്ച് അവരുടെ അർഹത ഉറപ്പുവരുത്തുകയും ചെയ്ത ശേഷം വായ്പയ്ക്ക് ശിപാർശ ചെയ്യും. അപ്രകാരം വായ്പയ്ക്ക് ശിപാർശ ചെയ്യപ്പെട്ട അപേക്ഷകർക്ക് ഒരാഴ്ചത്തെ സംരംഭകത്വ വികസന പരിശീലനത്തിന് ശേഷമാണ് വായ്പ അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഈ പദ്ധതിയിൽ എത്ര ഉപഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചുവെന്നും ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ശരണ്യ പദ്ധതി പ്രകാരം 16663 ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ വായ്പ അനുവദിച്ചുനൽകിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത പദ്ധതിയിൽ അപേക്ഷിച്ചശേഷം രോഗബാധിതനായി കിടപ്പിലായിരുന്ന ഭർത്താവ് മരണപ്പെട്ടുപോയിട്ടും ധനസഹായം ലഭ്യമാകാത്ത അപേക്ഷകരുള്ള വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അപേക്ഷ സമർപ്പിച്ചശേഷം ശയ്യാവലംബൻ/ നിത്യരോഗിയായ ഭർത്താവ് മരണപ്പെട്ട ഒരു അപേക്ഷക കൊല്ലം ജില്ലയിൽ ഉള്ളതായി എംപ്ലോയ്മെന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ടെങ്കിൽ അത്തരത്തിലുള്ളവർക്ക് മുൻഗണനയോടെ ധനസഹായം അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

അത്തരം അപേക്ഷകർക്ക് മുൻഗണന നൽകി വായ്പ അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ലാത്തതാണ്.

പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധി

249(4259) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധി നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഇന്നുവരെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധി കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പത്ര-ദൃശ്യ-ഓൺലൈൻ മാദ്ധ്യമങ്ങൾക്ക് പ്രധാനമായും അച്ചടി മാദ്ധ്യമങ്ങൾക്കും പഞ്ചായത്ത് തലം വരെ പ്രാദേശിക ലേഖകർ ഉണ്ട്. മാദ്ധ്യമ സ്ഥാപനങ്ങൾ പലതും താത്കാലിക അടിസ്ഥാനത്തിലാണ് ഇവരിൽനിന്ന് വാർത്തകൾ ശേഖരിക്കുന്നത്. '2008-ലെ അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമം (കേന്ദ്ര നിയമം)' പ്രകാരം 2-2-2016-ലെ ജി. ഒ.(പി) നമ്പർ 24/2016/ തൊഴിൽ ഉത്തരവ് മുഖേന കേരള അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ അംഗമായി ചേരാനുള്ള അവകാശം പ്രാദേശിക പത്രപ്രവർത്തകർക്ക് നിലവിലുണ്ട്. വർക്കിംഗ് ജേർണലിസ്റ്റ്

* അനുബന്ധം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.